# മെത്രാപ്പോലീത്തായുടെ കത്ത്



(ഡിസംബർ 2014)

**കർത്താവിൽ പ്രിയരേ,**

ഏതൊരു മനുഷ്യന്റെയും ജീവിതത്തിലെ അന്ധകാരത്തിന്റെ ആവരണങ്ങളെ അനാവരണം ചെയ്ത് സമാഗതമാകുന്ന ഒരു ഉദയനക്ഷത്രശോഭയായി ഒരു ക്രിസ്തുമസ് കൂടി വന്നണയുകയാണ്. യോഹന്നാൻ സ്നാപകന്റെ പിതാവായ സെഖര്യാ പുരോഹിതൻ പരിശുദ്ധാത്മ നിറവോടുകൂടി പറഞ്ഞ വാക്കുകളിൽ ഈ പ്രതീക്ഷയുടെ ദർശനം നിറഞ്ഞ ശോഭയോടെ നമുക്കു കാണുവാൻ കഴിയും. "ഇരുളിലും മരണനിഴലിലും ഇരിക്കുന്നവർക്കു പ്രകാശിച്ച് നമ്മുടെ കാലുകളെ സമാധാനമാർഗ്ഗത്തിൽ നടത്തേണ്ടതിന് ആ ആർദ്രകരുണയാൽ ഉയരത്തിൽ നിന്ന് ഉദയം നമ്മെ സന്ദർശിച്ചിരിക്കുന്നു" (ലൂക്കോസ് 1:78, 79). സ്രഷ്ടാവിന്റെ സൃഷ്ടിയോടുള്ള കരുതലിന്റെ പാരമ്യമത്രെ നാം ഈ വാക്കുകളിൽ ദർശിക്കുന്നത്. വികലമായ മാനവികതയുടെ ശുദ്ധീകരണത്തിനും പാപം മലിനമാക്കിയ മനുഷ്യ ആത്മങ്ങളെ പ്രകാശിതമായ മാർഗ്ഗങ്ങളിലൂടെ ദൈവം ആഗ്രഹിക്കുന്ന ലക്ഷ്യത്തിലേക്കു നയിക്കുന്നതിനുമായി വചനം ജഡം ധരിച്ച നിസ്തുല്യമായ ചരിത്ര സംഭവമത്രെ ക്രിസ്തുമസ്. യേശുവിന്റെ ജനനത്തിങ്കൽ പാതിരാവിൽ പട്ടണത്തിനു വെളിയിൽ ആട്ടിൻകൂട്ടത്തെ കാവൽ കാത്തുകിടന്നിരുന്ന ഇടയഗണത്തോടു ദൂതൻ ഉണർത്തിച്ച സന്ദേശം സമസ്ത മാനവരാശിയോടുമുള്ള ദൈവത്തിന്റെ സന്ദേശമാണ്.-"ഭയപ്പെടേണ്ടാ; സർവ്വജനത്തിനും ഉണ്ടാവാനുള്ളോരു മഹാസന്തോഷം ഞാൻ നിങ്ങളോടു സുവിശേഷിക്കുന്നു. കർത്താവായ ക്രിസ്തു എന്ന രക്ഷിതാവ് ഇന്നു ദാവീദിന്റെ പട്ടണത്തിൽ നിങ്ങൾക്കായി ജനിച്ചിരിക്കുന്നു" (ലൂക്കോസ്. 2:10, 11). ഭയാനകമാംവിധം ലോകമാസകലം അധാർമ്മികതയുടെയും വിദ്വേഷത്തിന്റെയും പരസ്പരമുള്ള ബഹുമാനമില്ലായ്മയുടെയും ഇരുട്ടു പരക്കുന്ന ഈ കാലഘട്ടത്തിൽ 'ഭയപ്പെടേണ്ട' എന്ന ക്രിസ്മസ് സന്ദേശം ധൈര്യവും ബലവും പുതുപുത്തൻ പ്രതീക്ഷകളും നമ്മുടെയെല്ലാം ഉള്ളങ്ങളിൽ നിറയ്ക്കുവാൻ പര്യാപ്തമാണ്. വചനം ജഡം ധരിച്ചത് ഒരു പൂർണ്ണ മനുഷ്യനായിട്ടല്ല, ഒരു ശിശുവായിട്ടാണ് എന്നു നാം ഓർക്കണം. മനുഷ്യത്വം ആദരിക്കപ്പെടുന്ന ചുറ്റുപാടുകളിൽ മാത്രമേ ഒരു ശിശുവിനു പൂർണ്ണമനുഷ്യത്വത്തിലേക്കു വളരുവാൻ കഴിയുകയുള്ളു. ദൈവത്തിന്റെയും മനുഷ്യരുടെയും കൃപയിലാണ് യേശു ജ്ഞാനത്തിലും വളർച്ചയിലും മുതിർന്നുവന്നത്. എന്നാൽ ആ ശിശുവിനെ നശിപ്പിക്കാനുള്ള ഹെരോദാവിന്റെ ശ്രമം മനുഷ്യത്വത്തോടുള്ള ധിക്കാരമാണ്. ഹെരോദാവിന്റെ കല്പനയിൽ ഒട്ടനവധി ശിശുക്കളാണ് വാളിനിരയായി ത്തീർന്നത്. ഇന്ന് പീഡനങ്ങളും ഭീകരപ്രവർത്തനങ്ങളും കൂടിവരുന്ന ഒരു കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്. മനുഷ്യജീവിതത്തിനു വിലകല്പിക്കാതെയും മനുഷ്യനു ജീവിക്കാനുള്ള മൗലികാവകാശം നിഷേധിച്ചുമുള്ള സമീപനങ്ങൾ ആരുടെ ഭാഗത്തുനിന്നുണ്ടായാലും അവ ഒരിക്കലും മാനവരാശിക്കു ഭൂഷണമായിരിക്കയില്ല എന്നു മാത്രമല്ല ഗുരുതരമായ ഭീഷണിയായിരിക്കുകയും ചെയ്യും. ലോകരാഷ്ട്രങ്ങളുടെ ഇടയിലും പരസ്പര ധാരണ കുറഞ്ഞുവരുന്നത് ഗൗരവത്തോടെ നാം കാണേണ്ടതായിട്ടുണ്ട്. പരസ്പരധാരണയ്ക്കുവേണ്ടി വിളിച്ചുകൂട്ടുന്ന സമ്മേളനങ്ങൾപോലും ലക്ഷ്യത്തിൽ പരാജയപ്പെടുന്നതു വേദനാജനകമാണ്. ജി-20 ഉച്ചകോടി സമ്മേളനത്തിൽ പങ്കെടുത്ത രാഷ്ട്രനേതാക്കളുടെ കൂട്ടത്തിൽ നിന്ന് റഷ്യൻ പ്രസിഡന്റ് സമ്മേളനം തീരുന്നതിനു മുമ്പുതന്നെ ഇറങ്ങിപ്പോയത് നിർഭാഗ്യകരമായ ഒരു അവസ്ഥാവിശേഷമാണ് സൃഷ്ടിച്ചത്. തങ്ങളുടെ ജനങ്ങളെ മാത്രം കരുതുകയും മറ്റുള്ളവരുടെ ജീവനു നേരെയുള്ള ഭീഷണികളെപ്പോലും അവഗണിക്കുകയും ചെയ്യുന്ന സമീപനം സ്വാർത്ഥതയുടെ പ്രകടനം മാത്രമല്ല, കൊടിയ ക്രൂരത കൂടിയാണ്. റഷ്യയുടെ കടന്നുകയറ്റവും മലേഷ്യൻ വിമാനത്തിന്റെ അപകടവും നമ്മുടെ നാട്ടിൽത്തന്നെ മുല്ലപ്പെരിയാർ വിഷയത്തിൽ ക്രൂരമായ നിസ്സംഗത പുലർത്തുന്ന ബന്ധപ്പെട്ട ഭരണാധികാരികളുടെ സമീപനവും സേനയെ ഒരുക്കി ഗവണ്മെന്റിനെതിരെ പൊരുതുന്ന ചില സന്യാസിമാരുടെ നിലപാടും സമൂഹത്തിൽ അശാന്തി പരത്തുകയാണ് ചെയ്യുന്നത്.

നല്ല പ്രഖ്യാപനങ്ങൾ നല്ലതാണെങ്കിലും നല്ല പ്രഖ്യാപനങ്ങൾ നടപടികളായി പരിണമിക്കുമ്പോഴാണ് രാഷ്ട്രത്തിന്റെ നന്മ സാധ്യമായിത്തീരുന്നത്. ഗാന്ധിജയന്തി ദിനത്തോടനുബന്ധിച്ച് രാഷ്ട്രം ഏറ്റെടുത്ത ശുചിത്വയത്നം ലക്ഷ്യത്തിൽ സുന്ദരവും ശ്രേഷ്ഠവുമായ ഒരു പദ്ധതിതന്നെയാണെങ്കിലും ആ പ്രഖ്യാപനത്തെ എത്രത്തോളം പ്രയോഗത്തിൽ വരുത്തുവാൻ കഴിഞ്ഞു എന്നത് ഒരു വിലയിരുത്തലിന് വിധേയമാകേണ്ടതായിട്ടുണ്ട്. ടി.വി.യിലും മറ്റു വാർത്താ മാധ്യമങ്ങളിലും മുഖം കാണിക്കാനുള്ള ഒരു അവസരം മാത്രമായി പലരും ആ മഹായത്നത്തെ സമീപിച്ചത് ഒരിക്കലും അഭിലഷണീയമല്ല. ശുചിത്വയത്നത്തെക്കുറിച്ച് അവകാശവാദങ്ങൾ പലരും ഉന്നയിക്കുന്നുണ്ടെങ്കിലും നാം ഇപ്പോഴും ചുറ്റുപാടുകളിൽ കാണുന്നത് പൊതുസ്ഥലത്തും റോഡുവക്കിലുമെല്ലാം മാലിന്യക്കൂമ്പാരം കുന്നുകൂടി കിടക്കുന്നതാണ്. ഫലപ്രദവും ശാസ്ത്രീയവുമായ മാലിന്യനിർമ്മാർജ്ജന പദ്ധതികൾക്ക് രൂപം കൊടുക്കുവാൻ ഗവണ്മെന്റിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും കഴിയേണ്ടതാണ്. നമ്മുടെ നാടിനെ ഒരു മാലിന്യക്കൂമ്പാരമാക്കി മാറ്റിയതിൽ ഫ്ളാറ്റ് സംസ്കാരം ചെലുത്തിയ സ്വാധീനം വളരെ വലുതാണ്. ഫ്ളാറ്റു നിർമ്മാണത്തിനു അനുമതി കൊടുക്കുമ്പോൾ തന്നെ മാലിന്യസംസ്കരണ പ്ലാന്റുകൾ കൂടി ക്രമീകരിക്കാനുള്ള കർശനമായ നിർദ്ദേശങ്ങളും നൽകുകയും അതുണ്ടെന്നു ഉറപ്പുവരുത്താനുള്ള നിയമനിർമ്മാണം നടത്തുകയും ചെയ്യേണ്ടത് ഏറെ ആവശ്യമായി വന്നിരിക്കു

ന്നു. മാലിന്യക്കൂമ്പാരങ്ങൾ വഴിവക്കിലും തെരുവോരങ്ങളിലും പെരുകുന്നതുകൊണ്ട് പകർച്ചവ്യാധികൾ വിട്ടുമാറാത്ത നാടായി ഇന്നു നമ്മുടെ നാട് മാറുകയാണ്. ഈ മാലിന്യക്കൂമ്പാരങ്ങളെ ചുറ്റിപ്പറ്റി തെരുവുനായ്ക്കളുടെ എണ്ണവും പെരുകുന്നത് മനുഷ്യന്റെ സൈ്വര ജീവിതത്തെപ്പോലും ഹനിക്കുന്ന രീതിയിലായിത്തീർന്നിട്ടുണ്ട്. നദികളിലേക്കും മറ്റും ശൗചാലയങ്ങളിൽ നിന്നുള്ള മലിന ജലം ഒഴുകി ഗുരുതരമായ രീതിയിൽ ജലമലിനീകരണം പലയിടത്തും നടക്കുന്നുണ്ട്. ഈ രീതിയിൽ ജലമലിനീകരണം നടക്കുന്നതു നാം ശ്രദ്ധിക്കേണ്ട ഒരു വസ്തുതയാണ്. ഈ രീതിയിൽ ജലമലിനീകരണം തുടർന്നാൽ ചില വർഷങ്ങൾ കഴിയുമ്പോൾ നമ്മുടെ നാട് ദുരിതങ്ങളുടെയും വ്യാധികളുടെയും ഒരു കൃഷിഭൂമിയായിത്തീരുകയും നമ്മുടെ ദേശം വാസയോഗ്യമല്ലാതായിത്തീരുകയും ചെയ്തുവെന്നു വന്നേക്കാം. പരിസര ശുചിത്വത്തിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കുന്നത് നമുക്കുവേണ്ടി നാം ചെയ്യേണ്ട നല്ല കാര്യം എന്ന നിലയിൽ മാത്രമല്ല, ഭാവി തലമുറയ്ക്കുവേണ്ടിയും കൂടി നാം ചെയ്യേണ്ട അനിവാര്യമായ കർത്തവ്യമായി എല്ലാവരും കാണേണ്ടതായിട്ടുണ്ട്.

കേരളത്തിലെ ധിഷണാശാലിയായ അഭിഭാഷകപ്രമുഖനും സമചിത്തതയോടെ രാഷ്ട്രീയ അഭിപ്രായങ്ങൾ പ്രഖ്യാപിക്കുകയും എപ്പോഴും ജനപക്ഷത്തുനിന്നു നിയമയുദ്ധം ചെയ്യുന്ന നീതിബോധത്തിന്റെ ആൾരൂപവുമായ സർവ്വാദരണീയനായ ജസ്റ്റിസ് വി.ആർ. കൃഷ്ണയ്യർ ജന്മശതാബ്ദിയുടെ നിറവിൽ എത്തിയിരിക്കുന്നു. കേരളത്തിന്റെ സാമൂഹ്യ സാംസ്കാരിക രാഷ്ട്രീയ സാമുദായിക മണ്ഡലങ്ങൾ ഉൾപ്പെടെയുള്ള സമസ്ത മേഖലകളിൽ നിന്നും അദ്ദേഹത്തിനു ലഭിച്ച അഭിനന്ദനങ്ങളും ആശംസകളും അദ്ദേഹത്തിനും അദ്ദേഹത്തിന്റെ നീതിബോധത്തിനും ലഭിച്ച അംഗീകാരമാണ്. അദ്ദേഹത്തിന്റെ പിറന്നാളാഘോഷവേളയിൽ അദ്ദേഹത്തെ സന്ദർശിച്ച് മാർത്തോമ്മാ സഭയുടെ അഭിനന്ദനങ്ങളും ആശംസകളും അറിയിച്ചത് ഊഷ്മളമായ ഒരനുഭവമായിരുന്നു. ഒരു കാലഘട്ടത്തിന്റെ ധീരനായ രാഷ്ട്രീയ പോരാളിയായിരുന്ന ശ്രീ. എം.വി. രാഘവൻ ഓർമ്മയായി. തനിക്കു ശരിയെന്നു തോന്നുന്ന കാര്യങ്ങൾക്കുവേണ്ടി നിർഭയമായി നിന്നു പോരാടിയ ഒരു വ്യക്തിത്വമായിരുന്നു അദ്ദേഹത്തിന്റേത്. അദ്ദേഹത്തിന്റെ വേർപാടിൽ ദുഃഖാർത്തരായിരിക്കുന്ന കുടുംബാംഗങ്ങളെ ഭവനത്തിൽ ചെന്നുകണ്ട് അവരുടെ ദുഃഖത്തിൽ പങ്കുചേരുകയും ആശ്വസിപ്പിക്കുകയും ചെയ്തത് അവിസ്മരണീയമായ ഒരു അനുഭവമായിരുന്നു.

ആത്മാർത്ഥതയോടുകൂടി അനുഗൃഹീത ശുശ്രൂഷകൾ ദീർഘകാലം സഭാശുശ്രൂഷയിലൂടെ നിർവ്വഹിച്ച രണ്ടു വൈദിക ശ്രേഷ്ഠർ കർത്താവിന്റെ സന്നിധിയിലേക്കു വിളിച്ചു ചേർക്കപ്പെട്ടു. കർത്തൃസന്നിധിയിലേക്ക് കടന്നുപോയ ആദരണീയരായ തിരുവാങ്കുളം ഇമ്മാനുവേൽ മാർത്തോമ്മാ ഇടവകാംഗമായ റവ. കെ.വി. വർക്കി-സീനിയർ (92), കൈതക്കുഴി സെന്റ് തോമസ് മാർത്തോമ്മാ ഇടവകാംഗമായ റവ. റ്റി.ജെ. വർഗീസ് (75) എന്നീ വൈദിക പ്രമുഖർ സഭയ്ക്കു നൽകിയ എല്ലാ ശുശ്രൂഷകളെയും ഓർത്ത് ദൈവത്തെ സ്തുതിക്കുന്നു. അഭിവന്ദ്യ തോമസ് മാർ തിമൊഥെയോസ് എപ്പിസ്കോപ്പാ തിരുമേനിയുടെ പ്രിയ മാതാവ് ശ്രീമതി റെയ്ച്ചൽ ജോർജ്ജ് (93) സൗമ്യവും ശാന്തവും ധന്യവുമായ ജീവിതം നയിച്ചശേഷം കർത്തൃസന്നിധിയിലേക്കു കടന്നുപോയി. ഈ പ്രിയപ്പെട്ടവരുടെ വേർപാടിൽ ദുഃഖാർത്തരായിരിക്കുന്ന കുടുംബാംഗങ്ങളുടെ ദുഃഖത്തിൽ സഭയായി പങ്കു ചേരുകയും ദേഹവിയോഗത്തിൽ സഭയ്ക്കുള്ള അനുശോചനം രേഖപ്പെടുത്തുകയും ചെയ്യുന്നു.

കുന്നംകുളം-മലബാർ ഭദ്രാസനത്തിന്റെ രണ്ടു കേന്ദ്രങ്ങൾ നവംബർ മാസത്തിൽ സന്ദർശിക്കുവാൻ ഇടയായി.

അട്ടപ്പാടിയിൽ ഭദ്രാസനത്തിന്റെ ഡി.അഡിക്ഷൻ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്ന ദർശന റീഹാബിലിറ്റേഷൻ സെന്ററിൽ പുതിയ ക്യാമ്പസെന്ററിന്റെ പുതിയ കെട്ടിടത്തിന്റെ കൂദാശ നിർവ്വഹിച്ചത് ധന്യമായ ഒരു അനുഭവമായിരുന്നു. പല വർഷങ്ങളായി ആ പ്രദേശങ്ങളിൽ നടക്കുന്ന മദ്യവർജ്ജന ബോധവൽക്കരണത്തിന്റെയും ഡി. അഡിക്ഷൻ പ്രവർത്തനങ്ങളുടെയും ഫലമായി മദ്യത്തിന്റെ ദൂഷിതവലയങ്ങളിൽ നിന്നും വിമുക്തരായ അനേകം വ്യക്തികൾ കുടുംബസമേതം കൂദാശയിലും തുടർന്നു നടന്ന സമ്മേളനത്തിലും പങ്കെടുക്കുകയുണ്ടായി. അട്ടപ്പാടിയിലെ ജനങ്ങൾ അനുഭവിച്ചുകൊണ്ടിരിക്കുന്ന അനേകം ദുരിതങ്ങളെക്കുറിച്ചും വെല്ലുവിളികളെക്കുറിച്ചും മനസ്സിലാക്കുവാനും ആ സന്ദർശനവേളയിൽ നമുക്കു കഴിഞ്ഞു. അവിടെ ശിശുമരണങ്ങൾ പെരുകുന്നതിന്റെ വാർത്തകൾ അടുത്തകാലത്ത് മാധ്യമങ്ങൾ റിപ്പോർട്ടു ചെയ്തിരുന്നത് പലരും ഓർക്കുന്നുണ്ടാകും. അവർ അഭിമുഖീകരിക്കുന്ന പല പ്രശ്നങ്ങളുടെയും അടിസ്ഥാന കാരണങ്ങൾ നാലാണ്.

1. പോഷകാഹാര ലഭ്യതയുടെ കുറവ്.
2. മദ്യപന്മാരായ ഭർത്താക്കന്മാരിൽ നിന്നും ഉണ്ടാകുന്ന പീഡനങ്ങൾ ഗർഭസ്ഥ ശിശുക്കളിൽപ്പോലും ചെലുത്തുന്ന ദുഃസ്വാധീനം.
3. സമൂഹത്തിലെ പിന്നോക്കാവസ്ഥ.
4. പ്രകൃതിക്ഷോഭങ്ങളുടെ വെല്ലുവിളികൾ നേരിടുവാനുള്ള കെൽപില്ലായ്മ. ഇവയ്ക്കെല്ലാം പരിഹാരം കാണേണ്ടതിനു സമൂഹമനഃസാക്ഷി ഉണരേണ്ടിയിരിക്കുന്നു.

കണ്ണൂരിനു സമീപം നെടുവാലൂരിൽ നമ്മുടെ പള്ളിയോടു ചേർന്നുള്ള സെന്റ് തോമസ് സ്കൂളിന്റെ പുതിയ കെട്ടിടത്തിനു ശിലാസ്ഥാപനം നടത്താൻ കഴിഞ്ഞതും ഏറെ സന്തോഷകരമത്രെ. അനേകർക്കു അറിവിന്റെ ലോകം തുറന്നുകൊടുക്കുന്ന ആ സ്കൂളിന്റെ ബഹുവിധമായ വളർച്ചയ്ക്കു സഹായകരമാംവിധം മൂന്നു നിലകളുള്ള ഒരു കെട്ടിടമാണ് അവിടെ പണിയാനുദ്ദേശിക്കുന്നത്. മനോഹരമായ ഒരു കുന്നിൻമുകളിൽ ആകർഷകമായ ചുറ്റുപാടിൽ ഉയർന്നുവരുന്ന ഈ സംരംഭത്തിന് എല്ലാ ഭാവുകങ്ങളും നേരുന്നു.

നമ്മുടെ സഭയിൽ പുതിയതായി അനുവദിക്കപ്പെട്ടതായ 3 ഹയർ സെക്കന്ററി സ്കൂളുകളിൽ 2 എണ്ണം പ്രവർത്തനമാരംഭിച്ചു. ഒരു സ്കൂളിൽ അനുവദിച്ചു കിട്ടിയ വിഷയം ആകർഷകമല്ലാത്ത വിഷയമായതിനാൽ കുട്ടികളെ ലഭിച്ചില്ല. വിഷയം മാറ്റിക്കിട്ടുന്നതിനുള്ള ശ്രമം നടക്കുന്നു. അടുത്തവർഷത്തേക്ക് കൂടുതൽ കുട്ടികളെ പ്രതീക്ഷിക്കുന്നു. പുതുതായി പ്ലസ് ടു ആരംഭിച്ച സ്കൂളുകളിൽ കാര്യക്ഷമമായി പഠനം നടക്കുന്നു എന്നതും പ്രസ്താവ്യമത്രെ.

ഗുജറാത്തിലെ ഭൂജ് ഗാന്ധിധാം ഇടവകകളുടെ സുവർണ്ണ ജൂബിലി ആഘോഷങ്ങളിൽ പങ്കെടുക്കുവാൻ ഇടയായി. ഒരു കാലത്തു തരിശുഭൂമിയായിക്കിടന്ന ആ മേഖല ഇന്ത്യയുടെ സ്വാതന്ത്ര്യലബ്ധിക്കുശേഷം അവിടുത്തെ ദേശവാസികളുടെയും അവിടെ ചെന്നുചേർന്ന മറ്റുള്ളവരുടെയും കഠിനാദ്ധ്വാനഫലമായി ഒരു കാർഷിക വ്യവസായിക ഭൂമിയായി രൂപപ്പെടുകയും കാർഷിക, വ്യവസായ സുഭിക്ഷിത ഇന്നു അനുഭവിക്കുകയും ചെയ്യുന്നു എന്നത് എത്രയോ അഭിമാനകരമത്രെ. നർമ്മദാ നദിയിലെ ജലം ലഭ്യമാക്കിയാണ് ആ തരിശുഭൂമിയെ കാർഷിക ഭൂമിയാക്കി രൂപപ്പെടുത്തിയിരിക്കുന്നത്. കുടിവെള്ള ക്ഷാമം

പോലും ഇന്ന് പരിഹരിക്കപ്പെട്ടിരിക്കുന്നു. ആധുനികതയുടെ വികസിത മുഖമുള്ള തുറമുഖമേഖല കൂടിയായി ആ മേഖല പരിണമിച്ചിട്ടുണ്ട്. പണ്ട് ഭൂകമ്പം മൂലം തകർന്നടിഞ്ഞ ഭൂജ് മേഖല ആ പതനത്തിൽ നിന്നും ഇപ്പോൾ കരകയറിയിരിക്കുന്നു. സ്വതന്ത്ര വ്യാപാര മേഖലയായി തീർന്നിരിക്കുന്ന അവിടെ ധാരാളം നിർമ്മാണ പ്രവർത്തനങ്ങൾ ഇപ്പോഴും നടന്നുവരികയാണ്. അറിയപ്പെടുന്ന ഒരു തുറമുഖ കേന്ദ്രമായി മാറിയ ആ പ്രദേശം മാലിന്യരഹിതമായി നിലനിർത്തുന്നതിലും അനുകരണീയമായ ഒരു മാതൃകയാണ്. നമ്മുടെ നാട്ടിൽ നിന്നും അവിടെയെത്തി നിർമ്മാണ പ്രവർത്തനങ്ങളിലും വികസന പ്രവർത്തനങ്ങളിലും പങ്കാളികളാകുന്ന സഭാംഗങ്ങളുടെ സാക്ഷ്യവും പ്രാഗത്ഭ്യവും സമർപ്പണവും സഭയ്ക്ക് ഏറെ അഭിമാനമാണ്. ആ ദേശത്തിനു അനുഗ്രഹമായിത്തീരുന്നവിധത്തിൽ നമ്മുടെ പ്രിയപ്പെട്ടവരിലൂടെ വ്യാപരിക്കുന്ന ദൈവകൃപയെ ഓർത്ത് ദൈവത്തിനു സ്തോത്രം കരേറ്റുന്നു. അവിടുത്തെ നമ്മുടെ ഇടവകയുടെ സുവർണ്ണ ജൂബിലി ആഘോഷങ്ങളിലൂടെ ദൈവം ഒരുക്കുന്ന പുതിയ സാധ്യതകൾ കണ്ടെത്തുവാൻ ഇടയാകട്ടെ എന്നു പ്രാർത്ഥിക്കുന്നു.

സംഘർഷനിർഭരമായ അന്തരീക്ഷത്തിനു വിരാമമിടുന്ന ഒരു പ്രഭാതനക്ഷത്രത്തിന്റെ ഉദയവുമായാണ് ഡിസംബറിലെ നമ്മുടെ ധ്യാനചിന്തകൾ ആരംഭിക്കുന്നത്. കൃപ ലഭിച്ചവളായ മറിയയും കൃപലഭിച്ചവളായ എലിസബേത്തും തമ്മിലുള്ള കൂടിക്കാഴ്ച ഒരു കൃപ നിറഞ്ഞ അനുഭവമാണ്. ഭയാനകമായ ഇരുട്ടിന് അറുതിവരുത്തികൊണ്ട് പ്രഭാതസൂര്യൻ ഉദയം ചെയ്യുന്നതിനു മുന്നോടിയായി ഉദയനക്ഷത്രത്തിന്റെ താരോദയം ദൃശ്യമാകുന്നതുപോലെയാണ് നീതിയിൻ സൂര്യനായ ക്രിസ്തുവിന് മുന്നോടിയായിവന്ന യോഹന്നാൻ സ്നാപകന്റെ ജനനം. യോഹന്നാൻ സ്നാപകന്റെ ജനനത്തെ കുറിച്ച് ഗ്രബ്രിയേൽ ദൂതൻ സെഖര്യാവിന് അരുളപ്പാട് നൽകുമ്പോൾ ആ അരുളപ്പാട് വിശ്വസിക്കുവാനുള്ള ആർജ്ജവം ഉൾക്കൊള്ളാതെ സെഖര്യാവ് അടയാളം ചോദിക്കുകയാണ് ചെയ്യുന്നത്. അതുകൊണ്ട് ആ ശിശുവിന്റെ നാമകരണ ചടങ്ങുനടക്കുന്ന നിമിഷംവരെയും മൗനത്തിലായിരിപ്പാനുള്ള അടയാളമാണ് ഗ്രബ്രിയേലിൽ നിന്നും സെഖര്യാവ് ഏറ്റുവാങ്ങുന്നത്. എന്നാൽ മറിയയോട് ദൂതൻ യേശുവിന്റെ ജനനത്തെക്കുറിച്ച് അറിയിപ്പു നൽകുമ്പോൾ മറിയ അവിശ്വസിക്കുകയല്ല, അടയാളം ചോദിക്കുകയുമല്ല ഇതെങ്ങനെ സംഭവിക്കും എന്ന അന്വേഷണ ചിന്തയാണ് ദൂതന്റെ മുൻപിൽ മറിയ പങ്കുവെച്ചത്. അതുകൊണ്ടാണ് 'ഇതാ ഞാൻ കർത്താവിന്റെ ദാസി, നിന്റെ വാക്കുപോലെ എനിക്കു ഭവിക്കട്ടെ' എന്ന വിശ്വാസത്തിന്റെയും സമർപ്പണത്തിന്റെയും പ്രഖ്യാപനം നിർവ്വഹിക്കുവാൻ മറിയയ്ക്ക് സാധിച്ചത്. ഇതായിരിക്കണം ദൈവം നൽകുന്ന നിയോഗങ്ങൾക്കു മുൻപിൽ മാതൃകയാവേണ്ട സമുന്നതമായ സമീപനം. ഈ തീരുമാനത്തിലൂടെ മറിയ തന്റെ ദൈവനിയോഗത്തിനുവേണ്ടി പ്രതിസന്ധികളും വെല്ലുവിളികളും ഏറ്റെടുക്കുകയായിരുന്നു. യോസേഫിനോടുള്ള ദൂതന്റെ അറിയിപ്പ് യോസേഫിനെയും ഈ നിയോഗത്തിൽ നിർണ്ണായകമായുള്ള ഒരു പങ്ക് വഹിക്കുവാൻ പ്രേരിപ്പിക്കുന്ന വലിയ ആഹ്വാനമായിരുന്നു. യോസേഫിന്റെ മുൻപിലും വെല്ലുവിളികളുണ്ടായിരുന്നു. എല്ലാ വെല്ലുവിളികളെയും ലോകത്തിന്റെ രക്ഷകനുവേണ്ടി ഏറ്റെടുക്കുവാൻ യോസേഫും മറിയയും തയ്യാറായപ്പോൾ അവിടെ ഒരു മാതൃകാ കുടുംബം തന്നെ രൂപപ്പെടുന്നതായി നാം കാണുന്നു. ആ സമർപ്പിത കുടുംബം ലോകംകണ്ട ഏറ്റവും ശ്രേഷ്ഠമായ സൗഭാഗ്യ കുടുംബമായി അങ്ങനെ മാറുകയായിരുന്നു.

ഡിസംബർ 21 ഞായർ മാർത്തോമ്മാ സഭാ ദിനമായി നമ്മൾ ആചരിക്കുന്നു. വിശുദ്ധ തോമാശ്ലീഹായോട് കർത്താവ് "ഞാൻ തന്നെ വഴിയും സത്യവും ജീവനുമാകുന്നു" എന്നു പ്രഖ്യാപിക്കുന്ന സുവിശേഷഭാഗമാണ് നാം അന്ന് ധ്യാനിക്കുന്നത്. വഴിയും സത്യവും ജീവനുമായ ക്രിസ്തുവിന്റെ ശരീരമാണ് സഭ. സഭയിലൂടെയും സഭയുടെ വിവിധ ശുശ്രൂഷാ മുഖാന്തരങ്ങളിലൂടെയും വഴിയും സത്യവും ജീവനുമായ ക്രിസ്തുവിനെ കണ്ടെത്തുവാൻ നമുക്കും മറ്റുള്ളവർക്കും ഇടയായിത്തീരണം. സഭാദിനം ഇതിനുള്ള പുതുക്കത്തിന്റെ അനുഭവമായിത്തീരട്ടെ. തുടർന്ന് ജനനപ്പെരുന്നാൾ നാം ആചരിക്കുന്നു. രക്ഷകന്റെ ജനനമാണ് യെൽദോ പെരുന്നാളായി നാം ആചരിക്കുന്നത്. യേശുവിന്റെ ജനനം അതിന്റെ സ്വാധീനം ഇന്നും പ്രതീക്ഷയുടെ പുതുപുലരികളിലേക്ക് നമ്മെ നയിക്കുന്നു. യേശുവിന്റെ തിരുജനനത്തെ നാം ഒരു ആഘോഷമാക്കി മാത്രം കുറച്ചുകളയുകയല്ല ചെയ്യേണ്ടത്; അതിനുപകരം ആ ജനനത്തെയും അതിന്റെ മഹത്വത്തെയും യേശുവിന്റെ മരണത്തിലൂടെ നമുക്കായി നേടിത്തന്ന രക്ഷയെയും അനുഭവിച്ചറിയുമ്പോഴാണ് ക്രിസ്തുമസ് ഒരു വലിയ അനുഭവമായി നമുക്കു തീരുന്നത്. തുടർന്നു നാം ധ്യാനിക്കുന്നത് ക്രിസ്തുവിന്റെ മഹത്വപ്രത്യക്ഷതയെക്കുറിച്ചാണ്. "ഉണർന്നിരിപ്പീൻ" എന്ന വലിയ ആഹ്വാനം വചനം നമുക്കു നൽകുന്നു. കർത്താവിനു വേണ്ടി ഉണർന്നിരിപ്പാനും കർത്താവു നൽകുന്ന നിയോഗങ്ങളിൽ ഉണർന്നിരിപ്പാനും അനേകരെ ഉണർവ്വിന്റെ അനുഭവത്തിലേക്ക് നയിക്കുവാനും നമുക്ക് സാധ്യമായിത്തീരണം. ഓരോരുത്തർക്കും അവരുടെ പ്രവൃത്തിക്കു തക്കവണ്ണം പ്രതിഫലം നൽകുന്ന കർത്താവിന്റെ പുനഃരാഗമനം സഭയുടെ വലിയ പ്രത്യാശയാണ്. കർത്താവിന്റെ മഹത്വസന്നിധിയിൽ ആരോപണരഹിതരായി നിലയുറപ്പിക്കുവാൻ നമുക്കുവേണ്ടത് ദൈവത്തിന്റെ അപാരമായ കൃപയാണ്. നമ്മളിൽ വ്യാപരിച്ചുകൊണ്ടിരിക്കുന്ന ദൈവകൃപയ്ക്കായ് നമുക്ക് സ്തോത്രം കരേറ്റാം. കർത്താവിന്റെ ജനനം നമുക്കു നൽകുന്ന പുതുജീവന്റെയും പുതുദർശനത്തിന്റെയും അനുഭവങ്ങളിലൂടെ നാം പുതുവത്സരത്തിന്റെ പുതുവഴികളിലേക്ക് പ്രവേശിക്കുകയാണ്. ലോകപ്രശസ്ത സുവിശേഷപ്രസംഗകനായിരുന്ന ഡോ. സ്റ്റാൻലി ജോൺസിനോട് അദ്ദേഹത്തിന്റെ 86-ാം പിറന്നാളിൽ ഒരാൾ ചോദിച്ചു- "പുതിയ സംവത്സരത്തിൽ അങ്ങേക്കുള്ള പ്രതീക്ഷയെന്താണ്?''. അദ്ദേഹം അതിനു നൽകിയ മറുപടി വളരെ ശ്രദ്ധേയമാണ്. അദ്ദേഹം പറഞ്ഞു-"പുതുസംവത്സരത്തിന്റെ അനുഭവങ്ങൾ എന്തെന്ന് മുൻകൂട്ടി അറിയാനുള്ള ആഗ്രഹമെനിക്കില്ല, എന്നാൽ ഒരു കാര്യം എനിക്കു നിശ്ചയമുണ്ട് ഞാനെന്തായാലും എവിടെയായാലും ഞാനെന്റെ ദൈവത്തിന്റെ കരങ്ങളിലാണ് എന്ന ഉറപ്പ് എനിക്കുണ്ട്". ഈ ഒരു വിശ്വാസത്തോടുകൂടി പുതുവത്സരത്തിലേക്ക് പ്രവേശിക്കുമ്പോൾ ദൈവം നമുക്ക് ഉറപ്പുനൽകുന്നു. "പുരാതനനായ ദൈവം നിന്റെ സങ്കേതം കീഴെ ശാശ്വതമായ ഭുജങ്ങളുണ്ട്" (ആവർത്തനപുസ്തകം 33:27).

ഏവർക്കും ക്രിസ്തുമസ്-പുതുവത്സര ആശംസകൾ

**ഡോ. ജോസഫ് മാർത്തോമ്മാ**
**മെത്രാപ്പോലീത്താ**

പുലാത്തീൻ
22-11-2014